എ.വൈ.ആർ

# സൂറ-29 / അൽ അൻകബൂത്ത്

സൂക്തം: 46

പ്രബോധന സംവാദങ്ങൾ തുടങ്ങേണ്ടത് പ്രബോധകരും പ്രബോധിതരും ഒരുപോലെ അംഗീകരിക്കുന്ന തത്ത്വങ്ങൾ മുന്നോട്ടുവെച്ചുകൊണ്ടാണ്. അടിസ്ഥാന തത്ത്വത്തിലുള്ള യോജിപ്പ് അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ അവശേഷിക്കുക വ്യാഖ്യാനങ്ങളിലും വിശദീകരണങ്ങളിലുമുള്ള ഭിന്നതകളും വൈരുധ്യങ്ങളുമാണ്. വ്യാഖ്യാന വൈരുധ്യങ്ങൾ പരിഹരിക്കുക അടിസ്ഥാന തത്ത്വങ്ങൾ തമ്മിലുള്ള വൈരുധ്യങ്ങളെ അപേക്ഷിച്ച് ലളിതമായിരിക്കും.



وَلَا تُجَادِلُوا أَهْلَ الْكِتَابِ إِلَّا بِالَّتِي هِيَ أَحْسَنُ إِلَّا الَّذِينَ
ظَلَمُوا مِنْهُمْ ۖ وَقُولُوا آمَنَّا بِالَّذِي أُنزِلَ إِلَيْنَا وَأُنزِلَ إِلَيْكُمْ وَإِلَٰهُنَا
وَإِلَٰهُكُمْ وَاحِدٌ وَنَحْنُ لَهُ مُسْلِمُونَ ﴿٤٦﴾

46. ഏറ്റവും ശ്രേഷ്ഠമായ രീതിയിലല്ലാതെ നിങ്ങൾ വേദക്കാരോട് സംവദിച്ചുകൂടാ. അവരിൽ അക്രമം ചെയ്തവരോടൊഴിച്ച്. വേദക്കാരോട് പറയുവിൻ: ഞങ്ങൾക്കിറങ്ങിയ വേദത്തിലും നിങ്ങൾക്കിറങ്ങിയ വേദത്തിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒന്നുതന്നെയാകുന്നു. ആ ദൈവത്തിനു തന്നെ സർവവും സമർപ്പിച്ചവരാകുന്നു ഞങ്ങൾ.

**46**

وَلَا تُجَادِلُوا = നിങ്ങൾ സംവദിച്ചുകൂടാ أَهْلَ الْكِتَابِ = വേദക്കാരോട്
إِلَّا بِالَّتِي هِيَ أَحْسَنُ = ഏറ്റവും നല്ലതായതുകൊണ്ടല്ലാതെ (ശ്രേഷ്ഠമായ രീതിയിലല്ലാതെ)
إِلَّا الَّذِينَ ظَلَمُوا مِنْهُمْ = അവരിൽനിന്ന് അക്രമം ചെയ്തവരായവരോടൊഴിച്ച്
وَقُولُوا = അവരോട് (വേദക്കാരോട്) നിങ്ങൾ പറയുവിൻ آمَنَّا = ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു
بِالَّذِي أُنزِلَ إِلَيْنَا = ഞങ്ങ(ൾക്കിറങ്ങിയ വേദത്തിലും)ളിലേക്ക് ഇറക്കപ്പെട്ടതിൽ
وَأُنزِلَ إِلَيْكُمْ = നിങ്ങ(ൾക്കിറങ്ങിയ വേദത്തിലും)ളിലേക്ക് ഇറക്കപ്പെട്ടതിലും
وَإِلَٰهُنَا = ഞങ്ങളുടെ ദൈവവും وَإِلَٰهُكُمْ = നിങ്ങളുടെ ദൈവവും وَاحِدٌ = ഒന്ന് (തന്നെ) ആകുന്നു وَنَحْنُ = ഞങ്ങൾ
لَهُ = അവനു (തന്നെ) مُسْلِمُونَ = മുസ്‌ലിം ആയവർ (സർവവും സമർപ്പിച്ചവർ) ആകുന്നു

ഇസ്‌ലാമിക പ്രബോധനത്തിൽ പാലിക്കപ്പെടേണ്ട ഒരടിസ്ഥാന തത്ത്വം അവതരിപ്പിക്കുകയാണീ സൂക്തം. തർക്കം, വാഗ്വാദം, ചർച്ച, സംവാദം എന്നൊക്കെ അർഥമുള്ള جدال-ൽനിന്നുള്ള ക്രിയയാണ് تُجَادِلُوا. ഇവിടെ ഉദ്ദേശ്യം സംവാദമാണെന്ന് തുടർന്നു പറയുന്ന വാക്കുകളിൽനിന്ന് വ്യക്തമാകുന്നുണ്ട്; فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي الْحَجِّ (ഹജ്ജിൽ സ്ത്രീ സംസർഗവും പാപവൃത്തികളും വാക്കുതർക്കവും പാടില്ല- 2:197) എന്ന വാക്യത്തിലെ جِدَالَ തർക്കമാണെന്ന് തൊട്ടുമുമ്പത്തെ പദങ്ങളിൽനിന്ന് വ്യക്തമാകുന്നതുപോലെ. പ്രതിയോഗിയെ പരാജയപ്പെടുത്താനും അതുവഴി സ്വന്തം പാണ്ഡിത്യത്തിന്റെയും ബുദ്ധി സാമർഥ്യത്തിന്റെയും വാഗ്വിലാസത്തിന്റെയും കേമത്തം സ്ഥാപിക്കാനുമുള്ള യത്നമാണ് തർക്കം. ഭൗതിക ലാഭമാണതിന്റെ ലക്ഷ്യം. തർക്കത്തിൽ തോൽക്കുന്ന പ്രതിയോഗി എതിർകക്ഷിയുടെ വാദം ഉൾക്കൊള്ളണമെന്നോ അംഗീകരിച്ചുകൊള്ളണമെന്നോ ഇല്ല. മറുകക്ഷിയെ തോൽപിക്കാൻ അയാൾക്ക് കഴിഞ്ഞില്ല എന്നു

മാത്രമേ ആ പരാജയത്തിനർഥമുള്ളൂ. പ്രതിയോഗിയുടെ വാദം സത്യമാണെന്നതിനും അത് തെളിവാകുന്നില്ല. മറ്റൊരാൾക്ക് അയാളെ നിഷ്പ്രയാസം തോൽപിക്കാനും അയാളുടെ വാദങ്ങൾ നിരർഥകമാണെന്ന് സ്ഥാപിക്കാനും കഴിഞ്ഞേക്കും. രണ്ടു കക്ഷികളും വിജയം അവകാശപ്പെട്ടുകൊണ്ടാണ് മിക്ക വാദപ്രതിവാദങ്ങളും അവസാനിക്കാറുള്ളത്. അപ്പോൾ കേൾവിക്കാരുടെ സംശയങ്ങൾ അപ്പടി അവശേഷിക്കുന്നു.

ദീനീ പ്രബോധനം വാദപ്രതിവാദമല്ല, ന്യായജ്ഞാനത്തിലും വാഗ്വിലാസത്തിലുമുള്ള മത്സരവുമല്ല; വിശ്വാസങ്ങളുടെയും വികാരങ്ങളുടെയും സംസ്കരണവും ചര്യയുടെ ധർമവത്കരണവുമാണ്. യുക്തിയുടെ ന്യായങ്ങളിലധിഷ്ഠിതമാണ് തർക്കം. വിശ്വാസവും ധർമവും യുക്തിവിരുദ്ധമല്ലെങ്കിലും പലപ്പോഴും യുക്തിക്കതീതമാണ്. അവയെ യുക്തിയുടെ മാത്രം ഭൂമികയിൽ ഒതുക്കി കൈകാര്യം ചെയ്യാനാവില്ല. അതുകൊണ്ടാണ് യുക്തിവാദികൾക്ക് ഒരു കാലത്തും മതവിശ്വാസികളെ സ്വാധീനിക്കാനാവാത്തത്. കഴിഞ്ഞ നൂറ്റാണ്ടിൽ കേരളത്തിലെ മുസ്‌ലിം സംഘടനകൾ തമ്മിൽ നിരവധി വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. ഏതെങ്കിലും വാദപ്രതിവാദത്തിൽ ഏതെങ്കിലും സംഘടന തോൽവി സമ്മതിച്ചതായി കേട്ടിട്ടില്ല. ഒരു സംഘടനയും പിരിച്ചുവിട്ടിട്ടില്ല. ആരും തെറ്റുതിരുത്തിയിട്ടുമില്ല. സമുദായം നടത്തുന്ന ആഭ്യന്തര വാദപ്രതിവാദങ്ങളുടെ അവസ്ഥ ഇതാണെങ്കിൽ മറ്റു സമുദായങ്ങളുമായി വാദപ്രതിവാദം ചെയ്താൽ എങ്ങനെയിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

മനസ്സിൽ മാറ്റമുണ്ടാക്കേണ്ടത് സംവാദത്തിലൂടെയാണ്. പരസ്പരം മനസ്സിലാക്കാനും കൊള്ളാനും കൊടുക്കാനും സഹായകമായ സൗഹൃദാന്തരീക്ഷത്തിൽ നടക്കുന്ന സംഭാഷണവും ഭിന്നതകളിൽ സമവായം അന്വേഷിച്ചുള്ള ചർച്ചയുമാണ് സംവാദം. അതിൽ ആക്ഷേപശകാരങ്ങൾക്കും പുഛത്തിനും പരിഹാസത്തിനും സ്ഥാനമില്ല. ഓരോ കക്ഷിയും മറുകക്ഷിയുടെ വികാരവിചാരങ്ങൾ മാനിച്ചുകൊണ്ട്, അഭിമാനം ക്ഷതപ്പെടുത്താതെ വേണം സംസാരിക്കാൻ. നന്മ നല്ല രീതിയിൽ പറയുകയാണ് الجدال بِالَّتِي هِيَ أَحْسَنُ മറുകക്ഷി ഇങ്ങോട്ട് പറയുന്നതിനേക്കാൾ ഭംഗിയായി അങ്ങോട്ടു സംസാരിക്കുക. بِالَّتِي هِيَ أَحْسَنُ എന്ന പ്രയോഗം ധ്വനിപ്പിക്കുന്നത് അതാണ്. وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّوا بِأَحْسَنَ مِنْهَا (നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ അതിനേക്കാൾ ശ്രേഷ്ഠമായി നിങ്ങൾ അങ്ങോട്ട് അഭിവാദ്യം ചെയ്യുക) എന്നു പറഞ്ഞിട്ടുള്ളതുപോലെയാണിത്. വിരോധം വർധിപ്പിക്കാനും വിരോധികളെ സൃഷ്ടിക്കാനുമുള്ളതല്ല; ശത്രുക്കളെ മിത്രമാക്കാനുള്ളതാണ് സംവാദം.

ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ

(പ്രതിയോഗികളെ ഏറ്റവും നല്ലതുകൊണ്ട് പ്രതിരോധിക്കുക. അപ്പോൾ നിന്നോട് വൈരമുള്ളവൻ ആത്മമിത്രമായിത്തീരുന്നത് കാണാം- 41:34). ادْفَعْ بِالَّتِي هِيَ أَحْسَنُ السيئة (ഏറ്റവും നല്ലതുകൊണ്ട് തിന്മയെ തടയുക). ആളുകളോട് ഗുണകാംക്ഷയും സൗമനസ്യവുമുള്ളവർക്കേ അതെളുപ്പമാകൂ. خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينَ (വിട്ടുവീഴ്ച കൈക്കൊള്ളുക. നന്മയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുക. അവിവേകികളെ അവഗണിക്കുക- 7:199).

فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل لَّهُمْ فِي أَنفُسِهِمْ قَوْلًا بَلِيغًا

(അവരെ അവഗണിക്കുക. എന്നാൽ ഉപദേശിച്ചുകൊണ്ടിരിക്കണം. അവരുടെ മനസ്സിൽ തട്ടും വണ്ണം സംസാരിക്കണം).

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ

(നിന്റെ നാഥന്റെ വഴിയിലേക്ക് യുക്തിപൂർവമായും സദുപദേശത്തോടെയും പ്രബോധനം ചെയ്യുക. ആളുകളോട് വിശിഷ്ടമായ രീതിയിൽ സംവദിക്കുക- 16:125). മഹാധിക്കാരിയായ ഫറവോനെ പ്രബോധനം ചെയ്യാൻ മൂസാ-ഹാറൂൻ പ്രവാചകരെ നിയോഗിച്ചപ്പോൾ അല്ലാഹു അവരോട് നിർദേശിച്ചു: فَقُولَا لَهُ قَوْلًا لَّيِّنًا لَّعَلَّهُ يَتَذَكَّرُ أَوْ يَخْشَىٰ (അവനോട് മയത്തിൽ സംസാരിക്കണം. അവനിൽ ധർമബോധമുണരുകയോ ദൈവഭയമുണ്ടാവുകയോ ചെയ്തെങ്കിലോ-20:44). ആളുകളുടെ ദുശ്ശാഠ്യങ്ങളിലും മുട്ടാപ്പോക്കു ന്യായങ്ങളിലും പ്രബോധകൻ പ്രകോപിതനും രോഷാകുലനുമായിക്കൂടാ. പ്രകോപനമുണ്ടാകുന്നുവെങ്കിൽ അത് പൈശാചിക പ്രചോദനമായി മനസ്സിലാക്കി അല്ലാഹുവിങ്കൽ ശരണം തേടണം. وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ فَاسْتَعِذْ بِاللَّهِ (ചെകുത്താൻ നിന്നെ പ്രകോപിപ്പിക്കുന്നുവെങ്കിൽ അല്ലാഹുവിൽ ശരണം തേടുക). കോപിക്കുമ്പോൾ أعُوذ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ (അഭിശപ്തനായ ചെകുത്താന്റെ ദ്രോഹത്തിൽനിന്ന് ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു) എന്ന് ആവർത്തിച്ചു ചെല്ലുന്നതും വുദൂഅ് ചെയ്യുന്നതും കോപമുക്തിക്കും സമചിത്തത വീണ്ടെടുക്കാനുമുള്ള മാർഗമായി ചില നിവേദനങ്ങളിൽ നിർദേശിക്കപ്പെട്ടിരിക്കുന്നു. വിട്ടുവീഴ്ചയുടെയും സൗമനസ്യത്തിന്റെയും കോപമടക്കി സംയമനം പാലിക്കലിന്റെയുമൊക്കെ ഉറവിടം ക്ഷമാശീലവും സഹനശക്തിയുമാണ്. അതുകൊണ്ടാണ് തിന്മയെ നന്മ കൊണ്ട് തടയുന്നതിനെയും പൈശാചിക പ്രചോദനങ്ങളിൽനിന്ന് മുക്തമാകുന്നതിനെയും കുറിച്ച് പറഞ്ഞതിനോട് ചേർത്ത് ഖുർആൻ وَمَا يُلَقَّاهَا إِلَّا الَّذِينَ صَبَرُوا وَمَا يُلَقَّاهَا إِلَّا ذُو حَظٍّ عَظِيمٍ (ക്ഷമയുള്ളവർക്കല്ലാതെ ഈ ഗുണം സിദ്ധിക്കുകയില്ല. മഹാഭാഗ്യവാന്മാർക്കല്ലാതെ ഈ ഗുണം ലഭിക്കുകയില്ല- 41:35) എന്നും പ്രസ്താവിച്ചിട്ടുള്ളത്.

പ്രബോധന സംവാദങ്ങൾ തുടങ്ങേണ്ടത് പ്രബോധകരും പ്രബോധിതരും ഒരുപോലെ അംഗീകരിക്കുന്ന തത്ത്വങ്ങൾ മുന്നോട്ടുവെച്ചുകൊണ്ടാണ്. അടിസ്ഥാന തത്ത്വത്തിലുള്ള യോജിപ്പ് അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ അവശേഷിക്കുക വ്യാഖ്യാനങ്ങളിലും വിശദീകരണങ്ങളിലുമുള്ള ഭിന്നതകളും വൈരുധ്യങ്ങളുമാണ്. വ്യാഖ്യാന വൈരുധ്യങ്ങൾ പരിഹരിക്കുക അടിസ്ഥാന തത്ത്വങ്ങൾ തമ്മിലുള്ള വൈരുധ്യങ്ങളെ അപേക്ഷിച്ച് ലളിതമായിരിക്കും. ആദ്യമേ മറുകക്ഷി അംഗീകരിക്കാത്തതും അയാളുടെ വിശ്വാസത്തിനു വിരുദ്ധവുമായ വാദങ്ങൾ ഉന്നയിച്ചാൽ അവിടെ നിന്ന് മുന്നോട്ടുപോകാൻ വഴിയുണ്ടാവില്ല. വിയോജിപ്പുകൾക്കു മുമ്പ് യോജിപ്പ് ഉന്നയിക്കുന്നതിന് സഹായകമായ മാതൃകാ സംവാദം ചൂണ്ടിക്കാട്ടുകയാണ് .....وَقُولُوا എന്നു തുടങ്ങുന്ന സൂക്തഖണ്ഡം. അതായത്, ഞങ്ങൾ ഞങ്ങൾക്ക് ലഭിച്ച വേദമായ ഖുർആനിലും നിങ്ങൾക്ക് ലഭിച്ച വേദങ്ങളായ തൗറാത്തിലും ഇഞ്ചീലിലും (*പഴയ നിയമ*ത്തിലും *പുതിയ നിയമ*ത്തിലും) വിശ്വസിക്കുന്നു. ഞങ്ങൾ വിശ്വസിക്കുന്ന വേദം നിങ്ങളുടെ വേദത്തെ തള്ളിപ്പറയുകയല്ല, സത്യപ്പെടുത്തുകയാണ് ചെയ്യുന്നത്. അന്ത്യപ്രവാചകനെയും വേദപ്രമാണങ്ങളുടെ പൂർത്തീകരണത്തെയും സംബന്ധിച്ച് നിങ്ങളുടെ കൈവശമുള്ള വേദങ്ങളിൽ ഉള്ളതും

നിങ്ങൾ സാക്ഷാത്കാരം കാത്തിരിക്കുന്നതുമായ പ്രവചനങ്ങളുടെ സാക്ഷാത്കാരമാണ് ഈ പ്രവാചകനും വേദവും. കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാരിലും വേദങ്ങളിലും വിശ്വസിക്കുന്നവരാണ് ഞങ്ങൾ. വേദപ്രമാണങ്ങളെയും പ്രവാചക പൈതൃകങ്ങളെയും ശരിയായ രീതിയിൽ സമീപിക്കുന്നുവെങ്കിൽ ഈ പ്രവാചകനെയും വേദത്തെയും തള്ളിക്കളയുകയല്ല, മറിച്ച് സ്വാഗതം ചെയ്യുകയാണ് നിങ്ങൾ ചെയ്യേണ്ടത്. അതുമൂലം ആരുടെയെങ്കിലും മുന്നിൽ നിങ്ങളുടെ ശിരസ്സ് കുനിഞ്ഞുപോവുകയല്ല; സ്വന്തം വേദത്തിന്റെ സുവിശേഷം മുഖേന, വരാനിരിക്കുന്നുവെന്ന് നിങ്ങൾ നേരത്തേ ലോകത്തെ അറിയിച്ച ആ പ്രവാചകൻ വന്നു കണ്ടതിൽ നിങ്ങളുടെ ശിരസ്സ് അഭിമാനം കൊണ്ട് എല്ലാവരുടെയും മുന്നിൽ ഉയർന്നു നിൽക്കുകയാണ് ചെയ്യുക. നിഷേധിക്കുകയാണെങ്കിൽ നിങ്ങളെയും നിങ്ങളുടെ വേദത്തെയുമാണ് നിങ്ങൾ ആദ്യം നിഷേധിക്കുന്നത്. ഞങ്ങളാവട്ടെ നിങ്ങളുടെ വേദത്തെ സത്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ഇതുപോലെ ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒന്നുതന്നെ. ദൈവം ഏകനാണെന്ന കാര്യത്തിൽ നാം തമ്മിൽ ഒരു തർക്കവുമില്ല. തൗറാത്തും ഇഞ്ചീലും മാത്രമല്ല, മറ്റു വേദങ്ങളും പഠിപ്പിക്കുന്നത് ദൈവത്തിന്റെ ഏകത്വമാണ്. ഇക്കാര്യത്തിൽ നാം തമ്മിലുള്ള വ്യത്യാസം ഇതാണ്: പ്രപഞ്ച വിധാതാവ് ഏകനാകുന്നു എന്ന യാഥാർഥ്യത്തിനു നിരക്കാത്ത എല്ലാ സങ്കൽപങ്ങളെയും പ്രവൃത്തികളെയും വർജിച്ച് ഞങ്ങൾ സർവസ്വവും അവനിൽ തന്നെ സമർപ്പിക്കുന്നു. നിങ്ങളോ ഏകദൈവവിശ്വാസം വാദിക്കുന്നതോടൊപ്പം തന്നെ ആ വിശ്വാസത്തിനു വിരുദ്ധമായ വിശ്വാസങ്ങൾ അതിനോടു കൂട്ടിച്ചേർക്കുന്നു. വിശ്വാസി ഒരു ദൈവത്തിൽ വിശ്വസിക്കുകയും പല ദൈവങ്ങളെ ആരാധിക്കുകയും ചെയ്യുന്നത് ശരിയല്ലെന്നും വിശ്വസിക്കുന്ന ഏക ദൈവത്തിനു തന്നെ സമ്പൂർണമായി സമർപ്പിക്കേണ്ടതാണെന്നുമാണ് ഞങ്ങളുടെ നിലപാട്. സൂറഃ *ആലുഇംറാൻ* 64-ാം സൂക്തത്തിൽ ഈ സംവാദശൈലി ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു:

قُلْ يَا أَهْلَ الْكِتَابِ تَعَالَوْا إِلَىٰ كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللَّهَ وَلَا نُشْرِكَ بِهِ شَيْئًا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ اللَّهِ ۚ فَإِن تَوَلَّوْا فَقُولُوا اشْهَدُوا بِأَنَّا مُسْلِمُونَ

(പ്രവാചകൻ അവരോട് പറയുക: അല്ലയോ വേദവിശ്വാസികളേ, ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കുന്ന പ്രമാണങ്ങളിലേക്ക് വരുവിൻ. അതായത്, അല്ലാഹുവല്ലാത്ത ആർക്കും വഴിപ്പെടാതിരിക്കുക, ആരെയും അവന്റെ പങ്കാളിയാക്കാതിരിക്കുക. നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനെ കൂടാതുള്ള വിധാതാക്കളാക്കാതിരിക്കുക. ഈ സന്ദേശം സ്വീകരിക്കാതെ പിന്തിരിയുന്നുവെങ്കിൽ അവരോട് പറയുക: ഞങ്ങൾ അല്ലാഹുവിന് സമർപ്പിച്ചവരാണെന്നതിന് നിങ്ങൾ സാക്ഷികളാകുവിൻ).

ആദ്യം പ്രബോധിതർ യോജിക്കുന്ന തത്ത്വങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സംവദിക്കുക എന്നത് വേദവിശ്വാസികളുടെ കാര്യത്തിൽ മാത്രം പ്രസക്തമായതല്ല. എല്ലാ പ്രബോധിതരോടും സ്വീകരിക്കേണ്ടതാണീ രീതി. കൊടിയ ബഹുദൈവവിശ്വാസികളും വിഗ്രഹാരാധകരുമായിരുന്ന അറേബ്യൻ മുശ്രിക്കുകൾ എല്ലാ ദൈവങ്ങൾക്കും മീതെ ഒരു പരമേശ്വരനുണ്ടെന്നും അവനാണ് പ്രപഞ്ചത്തിന്റെ യഥാർഥ സ്രഷ്ടാവും വിധാതാവും എന്നും വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തെ മുന്നിൽ വെച്ചുകൊണ്ട് അവരോട് സംവദിക്കാൻ ഖുർആൻ കൽപിക്കുന്നുണ്ട്. ഉദാഹരണത്തിന് സൂറഃ *അൽമുഅ്മിനൂൻ* 84 മുതൽ 89 വരെ സൂക്തങ്ങൾ വായിച്ചു നോക്കുക. യഹൂദരെയും ക്രൈസ്തവരെയും പോലെ അറബികളും ഇബ്റാഹീം നബിയെ തങ്ങളുടെ കുലപതിയും മാർഗദർശകനുമായി അംഗീകരിച്ചിരുന്നു. അതിനാൽ വേദക്കാരോടെന്ന പോലെ അറബികളോടും ഇബ്റാഹീമീ ധർമം പിന്തുടരാൻ ഖുർആൻ ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നതു കാണാം. ഉദാ:

وَقَالُوا كُونُوا هُودًا أَوْ نَصَارَىٰ تَهْتَدُوا ۗ قُلْ بَلْ مِلَّةَ إِبْرَاهِيمَ حَنِيفًا ۖ وَمَا كَانَ مِنَ الْمُشْرِكِينَ

(അവർ പറയുന്നു; സന്മാർഗം പ്രാപിക്കാൻ നിങ്ങൾ യഹൂദരാകുവിൻ, അല്ലെങ്കിൽ നസ്രായരാകുവിൻ എന്ന്. നീ പറയുക: അല്ല നമ്മൾ പിന്തുടരേണ്ടത് ഇബ്റാഹീമീ ധർമമാണ്. ഇബ്റാഹീമോ, ബഹുദൈവരാധകനായിരുന്നില്ല-2:135).

مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِن كَانَ حَنِيفًا مُّسْلِمًا وَمَا كَانَ مِنَ الْمُشْرِكِينَ

(ഇബ്റാഹീം യഹൂദനോ ക്രൈസ്തവനോ ആയിരുന്നില്ലല്ലോ. മറിച്ച് അദ്ദേഹം നിഷ്കളങ്കമായി ഏക ദൈവത്തിനു സമർപ്പിതനായിരുന്നുവല്ലോ - 3:67).

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ وَاتَّبَعَ مِلَّةَ إِبْرَاهِيمَ حَنِيفًا ۗ وَاتَّخَذَ اللَّهُ إِبْرَاهِيمَ خَلِيلًا

(സദ്വൃത്തനായി സർവാത്മനാ അല്ലാഹുവിനു സമർപ്പിക്കുകയും നിഷ്കളങ്കമായി ഇബ്റാഹീമീ ധർമം പിന്തുടരുകയും ചെയ്തവനേക്കാൾ വിശിഷ്ടമായ ധർമമാർഗം സ്വീകരിച്ചവനാരുണ്ട്!- 4:125).

مِّلَّةَ أَبِيكُمْ إِبْرَاهِيمَ ۚ هُوَ سَمَّاكُمُ الْمُسْلِمِينَ مِن قَبْلُ وَفِي هَٰذَا

(നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മതത്തിൽ നിലകൊള്ളുവിൻ. അല്ലാഹു പണ്ടേ നിങ്ങൾക്ക് മുസ്‌ലിംകൾ എന്നു നാമകരണം ചെയ്തിരിക്കുന്നു. ഈ ഖുർആനിലും നിങ്ങളുടെ നാമം അതുതന്നെ- 22:78).

ഈ സൂക്തത്തിൽ സംവാദത്തെ വേദക്കാരിലേക്ക് ചേർത്തു പറഞ്ഞതിനു ചില കാരണങ്ങളുണ്ട്. ഏകദൈവത്തിലും പരലോകത്തിലും വിശ്വസിക്കുന്ന വൈദിക മതവിഭാഗങ്ങൾ അറേബ്യൻ വിഗ്രഹ മതവിഭാഗത്തെ അപേക്ഷിച്ച് വിശ്വാസപരമായി ഇസ്‌ലാമിനോട് ഏറെ അടുത്തുനിൽക്കുന്നവരാണ്. പ്രവാചകത്വവും അവർക്ക് സുപരിചിതമായിരുന്നു. മുഖ്യമായും വംശീയ വികാരവും സ്വാർഥ താൽപര്യങ്ങളുമാണ് അവരെ ഇസ്‌ലാമിൽനിന്ന് അകറ്റിയിരുന്നത്. അത്തരം ബന്ധനങ്ങളിൽനിന്ന് മുക്തരായി നിഷ്കളങ്കരായ വേദവിശ്വാസികൾ പ്രവാചകനിൽ വിശ്വസിക്കാൻ മുന്നോട്ടുവന്നിരുന്നു. വംശീയവികാരമുള്ളവരിൽ ചിലരും മുഹമ്മദീയ പ്രവാചകത്വത്തെ സോപാധികമായി അംഗീകരിക്കാൻ തയാറായി. മുഹമ്മദ് പ്രവാചകൻ തന്നെ. പക്ഷേ നിരക്ഷരരുടെ, അല്ലെങ്കിൽ പ്രാകൃതരുടെ ദൈവദൂതൻ (رسول الأمّيّين) ആകുന്നു എന്നായിരുന്നു അവരുടെ നിലപാട്. അതായത് വരേണ്യ വർഗമായ തങ്ങൾ അദ്ദേഹത്തെ പിൻപറ്റേണ്ടതില്ല. തങ്ങളുടെ പ്രവാചകൻ ഇസ്രാഈൽ വംശത്തിൽ നിന്നുതന്നെയാണ് ആഗതനാവുക. ഇബ്നു സയ്യാദ് എന്ന ജൂതപ്രമുഖനുമായി സംസാരിച്ചപ്പോൾ പ്രവാചകൻ ചോദിച്ചു:

''താങ്കൾ എന്റെ പ്രവാചകത്വം സാക്ഷ്യപ്പെടുത്തുമോ?'' ഇബ്നു സയ്യാദ് പറഞ്ഞു: ''താങ്കൾ നിരക്ഷരരുടെ ദൈവദൂതൻ (رسول الأُمِّيِّين) ആണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.'' ഈ സാഹചര്യത്തിൽ സ്നേഹ സംവാദങ്ങൾ അവരെ കൂടുതൽ അടുപ്പിക്കാനുപകരിക്കും. വേദക്കാരിൽ ഇസ്‌ലാമിനോട് മതിപ്പ് വളരുന്നത് മുശ്‌രിക്കുകളെയും സ്വാധീനിക്കും.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് മക്കയിൽ യഹൂദരും ക്രിസ്ത്യാനികളും കുറവായിരുന്നു. പ്രവാചകനെക്കുറിച്ച് കേട്ടറിഞ്ഞ് പുറംനാടുകളിൽനിന്ന് അപൂർവം ചിലർ എത്താറുണ്ടായിരുന്നു. വ്യാപാരാവശ്യാർഥം എത്തുന്നവരുമുണ്ടാകും. അവരോടൊക്കെ നല്ല നിലയിൽ സംസാരിച്ച് ഇസ്‌ലാമിന്റെ യാഥാർഥ്യം ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടത് ദൂരദേശങ്ങളിൽ ഇസ്‌ലാം ശരിയായി അറിയപ്പെടാൻ സഹായകമാകും. മുസ്‌ലിംകളുടെ അബ്സീനിയയിലേക്കുള്ള ഹിജ്റ ആസന്നമായ സന്ദർഭവുമായിരുന്നു. അബ്സീനിയ അന്ന് ക്രൈസ്തവ രാജ്യമായിരുന്നു. ഇസ്‌ലാം അഭയം തേടാൻ ഉദ്ദേശിക്കുന്ന നാട്ടിലെ ജനങ്ങളുടെ വിശ്വാസവുമായി സമ്പർക്കം സ്ഥാപിക്കുക എന്നതും പ്രധാനമാണല്ലോ. ഇതിനു പുറമെ ചില യഹൂദർ ഇസ്‌ലാമിനെ എതിർക്കുന്നതിൽ ഖുറൈശികളെ സഹായിക്കാനും തുടങ്ങിയിരുന്നു. അവർ പ്രവാചകന്നും ഖുർആനിനുമെതിരെ പലതരം വിമർശനങ്ങളും കുരുട്ടു ചോദ്യങ്ങളും ഖുറൈശികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. അത്തരം നടപടിയെ മാന്യമായി പ്രതിരോധിക്കുക എന്നതും അവരുമായുള്ള സംവാദത്തിന്റെ ലക്ഷ്യമാണ്. എന്നാൽ, വേദക്കാർ ഗൂഢമായ പ്രേരണക്കും പ്രകോപനത്തിനും അപ്പുറം നേരിട്ട് ആക്രമിക്കാൻ വരികയോ മുസ്‌ലിംകളെ ആക്രമിക്കാൻ ഖുറൈശികളെ ഇളക്കിവിടുകയോ ചെയ്യുകയാണെങ്കിൽ അവിടെ സ്നേഹസംവാദത്തിനു സ്ഥാനമില്ല. അത്തരം സന്ദർഭങ്ങളിൽ അക്രമം തടയാൻ ഏറ്റവും ഉചിതമായ മാർഗമേതാണോ അതുതന്നെ സ്വീകരിക്കണം. ഇതാണ് إِلَّا الَّذِينَ ظَلَمُوا مِنْهُمْ എന്ന വാക്യം സൂചിപ്പിക്കുന്നത്. ●